മുഖ്യമന്ത്രി ഇറ്റാലിയൻ വ്യവസായികളുമായി ചർച്ച നടത്തുകയും അവർ അതിന് സന്നദ്ധരാവുകയും ചെയ്തു.

ആൽപ്സ് പർവ്വത നിരകളിൽനിന്ന് മിനറൽ വാട്ടർ ശേഖരിച്ച് കുപ്പി കളിലാക്കി വൻതോതിൽ കയറ്റുമതി ചെയ്യുന്ന "ലാറ്റാന" കമ്പനി മുഖ്യമന്ത്രി സന്ദർശിച്ചു. ഈ കമ്പനിയിൽ മുഴുവൻ ജോലിയും യന്ത്രങ്ങളാണ് ചെയ്യപ്പെടുന്നത്. പൊൻമുടിയിൽ ഇതുപോലുള്ള പ്ലാന്റിന് പണം മുടക്കാൻ തയ്യാറാണെന്ന് കമ്പനിയുടെ പ്രസിഡന്റ് ടെറെസിയോ റോസല്ലോ അറിയിച്ചു.

തിരുവനന്തപുരത്തെ ഇന്റർ നാഷണൽ അപ്പാരൽ പാർക്കിൽ വൻകിട ഗാർമെന്റ് യൂണിറ്റ് തുടങ്ങാൻ "ഇന്റർ ട്രെയ്ഡ് സപ്ലൈ സിസ്റ്റംസ് ആന്റ് സർവ്വീസസ് " എന്ന സ്ഥാപനത്തിന്റെ ഉടമ മലയാളിയായ റോണി സൈമ ണാണ് മുന്നോട്ടു വന്നിട്ടുള്ളത്. ഇറ്റാലിയൻ ടെലികോം വകുപ്പ് കേരളത്തിൽ ട്രെയിനിംഗ് സെന്റർ തുടങ്ങുവാൻ തയ്യാറാണെന്നറിയിച്ചു. കൊച്ചിയിലെ അന്താരാഷ്ട്ര വ്യവസായ പാർക്കിൽ ഭക്ഷ്യസംസ്കരണ യൂണിറ്റ് തുടങ്ങാ മെന്ന് പെട്രാനിസ്പാം ഫുഡ് ഡിവിഷൻ ഡയറക്ടർ ഡോ.പൗളോസോൺ സെല്ലി മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

ഇറ്റാലിയൻ കമ്പനിയായ കോർസോൾസിയോ അഗ്രിയോള ഒലിവ് ഓയിൽ അടിസ്ഥാനമാക്കി വ്യവസായം തുടങ്ങുവാൻ മുന്നോട്ട് വന്നിട്ടുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുമുള്ള നിയമനം

35(773)ശ്രീ. എ.കെ. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസിദ്ധീ കരിച്ച പി.എസ്.സി. ലിസ്റ്റുകളിൽ നിന്നും ആരേയും നിയമിക്കാത്തതായിട്ടു ള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം തസ്തികകളിലാണ് ഇപ്രകാരമുണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) ആരേയും നിയമിക്കാതിരിക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

സംഘടനയുടെ അംഗീകാരം റദ്ദാക്കാൻ നടപടി

36 (774) ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിൽ 77 (എ) നോട്ട് ഒന്നിൽ പറയുന്ന വിഷയങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പെരുമാറ്റ ചട്ടത്തിൽ ക്ലാസ് ഒന്ന്, രണ്ട് ജീവനക്കാർ, ക്ലാസ് മൂന്ന് ജീവനക്കാരുടെ സംഘടനയുടെ അംഗമോ ഭാരവാഹിയോ ആകാൻ പാടില്ല എന്ന് പറയുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവിരുദ്ധമായി ക്ലാസ് രണ്ട്, മൂന്നു നാല് ജീവനക്കാരുടെ ഏതെങ്കിലും സംഘടന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട് എന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സംഘടനയുടെ അംഗീകാരം റദ്ദാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം 77(എ) നോട്ട് ഒന്ന് പ്രകാരം ക്ലാസ് 1 ഉം ക്ലാസ് 2 ഉം വിഭാഗം ജീവനക്കാർ ക്ലാസ് 3 വിഭാഗം അംഗങ്ങളായുള്ള സർവ്വീസ് സംഘടനയിൽ അംഗങ്ങളാകാൻ പാടില്ല എന്നും ക്ലാസ് ഒന്നും രണ്ടും വിഭാഗം ആഫീസർമാർ അംഗങ്ങളായ സർവീസ് സംഘടനയിൽ ക്ലാസ് മൂന്നും വിഭാഗം ജീവനക്കാർ അംഗങ്ങളാകുവാൻ പാടില്ലായെന്ന വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 20.1.1994 തീയതിയിലെ സം.ഉ.(എം. എസ്) നം.4/94/പി :ആന്റ് എ.ആർ.ഡി.പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കേരള ലോക്കൽഫണ്ട് ഓഡിറ്റ് അസോസിയേഷനിൽ അംഗത്വം നൽകിക്കൊണ്ട് ഭേദഗതി വരുത്തിയതിനെ അംഗീകരിച്ചിട്ടുണ്ട്.

വികലാംഗനെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

37 (775) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സ്വാതന്ത്ര്യ സുവർണ്ണജൂബിലി വർഷത്തിൽ നിയമനം കിട്ടിയ വികലാംഗരെ സർക്കാർ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ഹൈക്കോടതി സ്റ്റേ ഒഴിവാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

ഹൈക്കോടതി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് ആവശ്യമായ വിവരങ്ങളും നിർദ്ദേശവും നൽകിയിട്ടുണ്ട്.

പ്രസിദ്ധീകരിക്കാനുള്ള റാങ്ക് ലിസ്റ്റുകൾ

38(776)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമത്തിന് പി.എസ്.സി എഴുത്തു പരീക്ഷയും അഭിമുഖവും നടത്തിക്കഴിഞ്ഞിട്ടുള്ളത് ഏതൊക്കെ വകുപ്പുകളിലെ/പൊതുമേഖലയിലെ തസ്തികകളിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള നിയമം അനുസരിച്ച് തയ്യാറാക്കി എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly